# ആമുഖം

കുട്ടികളുടെ സർഗപരമായ വാസനകളെ പരിപോഷിപ്പിക്കാൻ ക്ലാസ്റൂം പ്രവർത്തനങ്ങൾ ഏതൊക്കെ രീതിയിൽ പ്രയോജനപ്പെടുത്താമെന്ന ചർച്ചകൾക്ക് ഏറെ പ്രസക്തിയുള്ള കാലഘട്ടമാണിത്. കുഞ്ഞുമനസ്സിലെ സാഹിത്യസർഗാത്മക വാസന കളെ പുറത്തുകൊണ്ടുവരുന്നതിലും രൂപപ്പെടുത്തുന്നതിലും വിദ്യാരംഗം കലാസാഹി ത്യവേദിയുടെ പ്രാധാന്യം വളരെ വലുതാണ്. എല്ലാ കുട്ടികളേയും അധ്യാപകരേയും ഉൾച്ചേർത്തുകൊണ്ട് വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനങ്ങൾ ഈ അധ്യ യനവർഷം മുതൽ വേറിട്ട ഇടപെടലുകളാണ് നടത്തുന്നത്.

കുഞ്ഞിക്കവിതകളും കുട്ടിക്കഥകളും ഇളംമനസ്സുകളെ മധുരതരമായ ചിന്തക ളിലേക്കും പ്രകൃതിസൗഹൃദപരമായ പ്രവർത്തനങ്ങളിലേക്കും നയിക്കുന്നതാണ്. ഇതിനു വേണ്ടിയുള്ള ചില ക്രിയാത്മക പ്രവർത്തനങ്ങളാണ് വിദ്യാരംഗം കലാ സാഹിത്യവേദി എൽ.പി. വിഭാഗത്തിലേക്ക് ചിട്ടപ്പെടുത്തിയിരിക്കുന്നത്. ബഹുമുഖ ബുദ്ധിയുടെ തലങ്ങൾ ഉപയോഗപ്പെടുത്തി പ്രാദേശികമായ വഴക്കത്തോടെ ഈ മാർഗ രേഖ ഉപയോഗപ്പെടുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

## ഉദ്ദേശ്യങ്ങൾ

- പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളുടെ കലാസാഹിത്യവാസനകൾ വളർത്തുക.
- കണ്ടും കേട്ടും വായിച്ചും അറിഞ്ഞ കാര്യങ്ങൾ സർഗാത്മക രചനയ്ക്ക് ഉപയോഗപ്പെടുത്തുന്നതിൽ മികവ് നേടുക.
- പൊതുസമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പാക്കുന്നതിലൂടെ സാംസ്കാരികമായ പങ്കുവെയ്ക്കലിന് സ്കൂളിനെ വേദിയാക്കുക.
- വികാസമേഖലകളെ പരിഗണിച്ചുള്ളതും പഠിതാവിന്റെ പ്രകൃതത്തിന് യോജിച്ചതുമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- കുട്ടികളുടെ ആസ്വാദന നിലവാരം ഉയർത്തുക, കലാസാംസ്കാരിക പ്രവർത്തനങ്ങൾ വഴി മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് അധ്യാപകരുടെ കഴിവിന് കരുത്തു പകരുക.

## വിലയിരുത്തൽ സൂചകങ്ങൾ

- എൽ.പി.തല വിദ്യാരംഗം സാഹിത്യോത്സവത്തിന് ചുവടെ പറയുന്ന വിലയിരുത്തൽ സൂചകങ്ങൾ ഉപയോഗിക്കാം.
- കുട്ടികളുടെ പങ്കാളിത്തത്തോടെ സൂചകങ്ങൾ വികസിച്ചു വരുത്തുന്നതാണ് ഉചിതം.
- കുട്ടികൾക്ക് മനസ്സിലാകുംവിധം മാനദണ്ഡങ്ങൾ വിശദീകരിക്കണം. പിന്നീട് രചനകൾ നടത്തുമ്പോൾ സ്വയം വിലയിരുത്തൽ സൂചകങ്ങളായി ഇവ ഉപയോഗപ്പെടുത്തുവാൻ ശില്പശാലകൾ പ്രേരണയാവണം.

## കവിത

വിഷയവുമായുള്ള ബന്ധം (കുട്ടി നിശ്ചയിച്ച വിഷയം)

√ ഉചിതമായ ഭാഷ

√ സംക്ഷിപ്തത

√ താളാത്മകത

## കഥ

√ നല്ല തുടക്കം, ഒടുക്കം

√ ആശയങ്ങൾ തമ്മിലുള്ള ബന്ധം

√ തലക്കെട്ടിന്റെ ഔചിത്യം

**ചിത്രം**

- √ വിഷയവുമായുള്ള ബന്ധം
- √ ആകർഷകത്വം
- √ തനിമ
- √ നിറങ്ങൾ തമ്മിലുള്ള ചേർച്ച

## എൽ.പി. വിഭാഗം ശില്പശാല

***നിർദ്ദേശങ്ങൾ***

എൽ.പി. വിഭാഗത്തിലെ പ്രവർത്തനങ്ങൾ ക്ലാസ്തലം, സ്കൂൾതലം, ഉപജില്ലാതലം എന്നീ മുന്ന് തലങ്ങളിലായിട്ടാണ് നടത്തേണ്ടത്. ഒന്നാം ക്ലാസ്സിന് ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും മാത്രമാണ് പ്രവർത്തനങ്ങൾ നടത്തേണ്ടത്. രണ്ട്, മൂന്ന്, നാല് ക്ലാസുകൾക്ക് ക്ലാസ്തലത്തിലും സ്കൂൾ തലത്തിലും ഉപജില്ലാതലത്തിലും പ്രവർത്തനങ്ങൾ ക്രമീകരിക്കണം. എൽ.പി.വിഭാഗം ശില്പശാലകൾ ഉപജില്ലാതലത്തോടെ സമാപിക്കും.

**ഒന്നാംക്ലാസ് : മേഖലകൾ**

- ✹ വായ്ത്താരികൾ
- ✹ കുഞ്ഞിക്കവിത
- ✹ കടംകഥ
- ✹ ചിത്രരചന

2,3,4 ക്ലാസ്സുകൾക്ക്

(1) കഥ (2) കവിത (3) ചിത്രരചന (4) നാടൻപാട്ട് – വായ്ത്താരികൾ

**സംഘാടനം** ക്ലാസ്സ്തല, സ്കൂൾതല ശില്പശാലാ പ്രവർത്തനങ്ങൾക്കായി സംഘാടകസമിതി യോഗങ്ങൾ ചേർന്നിരിക്കണം.

ക്ലാസ് പി.ടി.എ. എസ്.എം.സി. / പി.ടി.എ., എം.പി.ടി.എ, എസ്. ആർ.ജി. വായനശാല ഭാരവാഹികൾ, സാംസ്കാരിക സംഘടനാ ഭാരവാഹികകൾ, വാർഡ് മെമ്പർ, കൗൺസിലർ എന്നിവർ ഉൾപ്പെട്ട യോഗങ്ങൾ ചേരാവുന്നതാണ്.

ക്ലാസ്തല ശില്പശാലയുടെ പൊതു ഉദ്ഘാടനം സ്കൂൾ അസംബ്ലിയിൽ നടത്തണം. വാർഡ് മെമ്പർ / കൗൺസിലർ എന്നിവരും എസ്.എം.സി / പി.ടി.എ. അധ്യക്ഷനും ചടങ്ങിൽ പങ്കെടുക്കണം.

സംഘാടക സമിതിയോഗത്തിൽ ക്ലാസ്സ്തല, സ്കൂൾതല പ്രവർത്തന നടത്തിപ്പിന്റെ തീയതി നിശ്ചയിക്കൽ, സംഘാടന ക്രമീകരണങ്ങൾ (ഉദ്ഘാടനം, സമാപനം) സംവിധാനങ്ങളൊരുക്കൽ, പ്രചാരണം, സാമ്പത്തികം, ഡോക്കുമെന്റേഷൻ എന്നിവ സംബന്ധിച്ച തീരുമാനങ്ങൾ ഉണ്ടാകണം.

**ഒരുക്കം**

എസ്.ആർ.ജി., ക്ലാസ് പി.ടി.എ. യോഗതീരുമാനങ്ങൾ അനുസരിച്ച് സംഘടിപ്പിക്കേണ്ട കാര്യങ്ങളുടെ ഒരുക്കങ്ങൾ നടത്തണം. സ്കൂൾതലത്തിൽ പ്രത്യേക യോഗം ചേരണം.

സ്വാഗതസംഘ രൂപീകരണം സംബന്ധിച്ച അറിയിപ്പ് നൽകൽ

സ്വാഗതസംഘരൂപീകരണം

തുടർപ്രവർത്തനങ്ങൾ

ക്ലാസ്സ്തല ശില്പശാല നടക്കുമ്പോൾ ക്ലാസ്സിൽ സാഹിത്യസംബന്ധമായ കാര്യങ്ങൾ ചേർത്ത് ക്ലാസ്സിനുചുറ്റും അലങ്കാരം നടത്തണം. കലാസാഹിത്യ സാംസ്കാരിക നായകൻമാരുടെ ചിത്രങ്ങൾ ഉപയോഗിക്കാം. ഭിന്ന നിലവാരക്കാർക്കുകൂടി പങ്കാളിത്തം ഉണ്ടാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. കുട്ടികൾ വരച്ച ചിത്രങ്ങൾ, പുസ്തകപ്രദർശനം, മാസിക എന്നിവ ഉണ്ടാകണം. പഴയകാല കളിപ്പാട്ടങ്ങൾ (പ്രാദേശിക പ്രസക്തിയുള്ളത്) ഓലപ്പന്ത്, മച്ചിങ്ങ / വെള്ളയ്ക്കാവണ്ടികൾ, വളപ്പൊട്ടുകൾ, പ്ലാവില, മുത്തുകൾ, ഈർക്കിൽ, തെങ്ങോല തുടങ്ങിയ വസ്തുക്കൾ കരുതണം. ചിത്രരചനയ്ക്കാവശ്യമായ കടലാസ്, ക്രയോൺസ് എന്നിവ ലഭ്യമാക്കണം. പതിപ്പുകൾ നിർമ്മിക്കുന്നതിനുള്ള പേപ്പർ, പശ, നൂൽ എന്നിവ ഉണ്ടാകണം.

1–ാം ക്ലാസ്സിലെ കടങ്കഥാപ്രവർത്തനം നടത്തുന്നതിലേയ്ക്ക് കടങ്കഥകൾ ശേഖരിക്കാൻ കുട്ടികൾക്ക് മുൻകൂട്ടി നിർദ്ദേശം നൽകിയിരിക്കണം. / മുതിർന്നവരിൽ നിന്നും കടങ്കഥകൾ ശേഖരിക്കാവുന്നതാണ്.

ഒന്നാം ക്ലാസ്സിലെ കുട്ടികളെ നാല് ഗ്രൂപ്പുകളായി തിരിച്ച് ഓരോ ഗ്രൂപ്പിനും ഓരോ വിഷയങ്ങൾ നൽകിയിരിക്കണം.

**വിഷയങ്ങൾ**

(1) മൃഗങ്ങൾ / പക്ഷികൾ

(2) പച്ചക്കറികൾ, പൂക്കൾ, പഴങ്ങൾ

(3) ആകാശം, കടൽ, മേഘം, മഴ, വെയിൽ

(4) ഉപകരണങ്ങൾ

ഓരോ ഗ്രൂപ്പും അവരവർക്ക് കിട്ടിയ വിഷയങ്ങൾ ആസ്പദമാക്കിയുള്ള കടങ്കഥകൾ വേണം ശേഖരിച്ചു കൊണ്ടുവരാൻ

ഓരോ വിഭാഗത്തിലേയും പ്രവർത്തനങ്ങളിൽ മികവ് പ്രകടിപ്പിച്ച കുട്ടികളെ കണ്ടെത്തുന്നത് പരസ്പര വിലയിരുത്തൽ കൂടി പരിഗണിച്ചാണ്. ഓരോ ക്ലാസ്സിൽനിന്നും സ്കൂൾതലത്തിലേയ്ക്ക് പങ്കെടുക്കേണ്ട കുട്ടികളുടെ എണ്ണം സംബന്ധിച്ച് എസ്.ആർ.ജി. യോഗത്തിൽ മുൻകൂട്ടി തീരുമാനിക്കണം.

## ക്ലാസ്സ്തലം

## ഒന്നാംക്ലാസ്സ് – ക്ലാസ്സ്തലം മാത്രം

മേഖലകൾ – കുഞ്ഞിക്കവിത, കുട്ടിക്കഥ, കടങ്കഥ, നാടൻപാട്ട്

ഉല്പന്നങ്ങൾ – നാടൻപാട്ട് – കഥ, കവിത, ചിത്രം, വായ്ത്താരി എന്നിവ ചേർത്ത് ഒറ്റ പ്പതിപ്പ്

## ക്ലാസ്സ് – 2, 3, 4

## ക്ലാസ്സ്തല പ്രവർത്തനങ്ങൾ

(1) കഥ (2) കവിത (3) ചിത്രരചന (4) നാടൻപാട്ട് ശേഖരണം

## ഉല്പന്നങ്ങൾ

കഥ, കവിത, ചിത്രം, നാടൻപാട്ട് എന്നിവയ്ക്ക് ഓരോന്നിനും പ്രത്യേക പതിപ്പുകൾ വേണം.

## പ്രവർത്തനങ്ങൾ

**കാസ്സ് – ഒന്ന്, രണ്ട്** രാവിലെ മുതൽ ഉച്ചവരെ ഉണർത്തുപ്രവർത്തനം

പ്ലാവില, ഈർക്കിൾ, മച്ചിങ്ങ / വെള്ളയ്ക്ക എന്നിവ ഉപയോഗിച്ച് കളിവണ്ടി നിർമ്മാണം (വ്യക്തിഗതം)

വായ്ത്താരി അവതിപ്പിക്കൽ

ഏലയ്യോ ഏലയ്യോ

ഏലയ് ഏലയ് ഏലയ്യോ

എന്നുടെ വണ്ടി ഏലയ്യോ

മച്ചിങ്ങ വണ്ടി ഏലയ്യോ

നമ്മള് തീർത്തേ ഏലയ്യോ

നമ്മുടെ വണ്ടി ഏലയ്യോ

വരികൾ കൂട്ടിച്ചേർക്കാൻ കുട്ടികൾക്ക് ടീച്ചർ അവസരം കൊടുക്കണം.

മച്ചിങ്ങ വണ്ടി ഏലയ്യോ

വലിക്കുന്ന വണ്ടി ഏലയ്യോ

പ്ലാവില വണ്ടി ഏലയ്യോ

കറങ്ങുന്ന വണ്ടി ഏലയ്യോ

ഈർക്കിലി വണ്ടി ഏലയ്യോ

തള്ളുന്ന വണ്ടി ഏലയ്യോ

തുടങ്ങിയ വരികൾ പരിഗണിക്കാം.

അനുബന്ധം – 1 – ഉപയോഗിക്കാം

**കടങ്കഥ അവതരണം** (ടീച്ചർ)

ക്ലാസ്സിൽ പൊതുവായിട്ട്

മച്ചിങ്ങ കൂടാതെ കളിവണ്ടിനിർമ്മാണത്തിന് ഉപയോഗിച്ചതും കുട്ടികൾ കൊണ്ടു വന്നതുമായ മറ്റു വസ്തുക്കൾ ഉത്തരങ്ങളായി വരുന്ന കടങ്കഥകൾ അവതരിപ്പിക്കാം.

ഗ്രൂപ്പ് പ്രവർത്തനം

കുട്ടികൾ ശേഖരിച്ച് കൊണ്ടുവന്ന കടങ്കഥകൾ ഓരോ ഗ്രൂപ്പിലും എഴുതി എടുക്കൽ

## പ്രവർത്തനം

### കടങ്കഥ പയറ്റ്

ശേഖരിച്ചുകൊണ്ടുവന്ന കടങ്കഥ ഓരോന്നായി ഓരോ ഗ്രൂപ്പും അവതരിപ്പിക്കാൻ ടീച്ചർ നിർദ്ദേശിക്കുന്നു. മറ്റു ഗ്രൂപ്പുകൾ ഉത്തരം പറയട്ടെ. അധ്യാപിക സ്കോർ രേഖ പ്പെടുത്തണം.

മികച്ച ഗ്രൂപ്പിന് അഭിനന്ദനം രേഖപ്പെടുത്തുന്നു. ടീച്ചർ ഒരു ഗ്രൂപ്പിലെ കടങ്കഥയ്ക്ക് രണ്ടോ മൂന്നോ വരികൾ കൂടി അവതരിപ്പിച്ച് സംസാരിക്കണം. ഓരോ ഗ്രൂപ്പും ശേഖ രിച്ച കടങ്കഥകൾ അധ്യാപികയുടെ ഇടപെടലിലൂടെ പതിപ്പാക്കുന്നു. കടങ്കഥാപതിപ്പ് ക്ലാസ്സ് തലത്തിലുണ്ടാകണം.

## പ്രവർത്തനം - കവിത

കുട്ടപ്പാട്ട് –സംഘപ്രവർത്തനം

ഏലയ്യോ ഏലയ്യോ

ഏലയ് ഏലയ് ഏലയ്യോ

നമ്മള് തീർത്തേ ഏലയ്യോ

നമ്മുടെ വണ്ടി ഏലയ്യോ

കടങ്കഥവണ്ടി ഏലയ്യോ

പാട്ടുകൾ പാടും ഏലയ്യോ

പാട്ടുവണ്ടി ഏലയ്യോ

ഏലയ് ഏലയ് ഏലയ്യോ

ഏലയ് ഏലയ് ഏലയ്യോ

അധ്യാപകരും കുട്ടികളും ചേർന്ന് പാടുന്നു.

തുടർന്ന്

**കുട്ടികളും ടീച്ചറും തമ്മിലുള്ള സംഭാഷണം - എനിക്കിഷ്ടപ്പെട്ട വണ്ടി**

**ചർച്ച**

**പ്രവർത്തനം**

കുഞ്ഞുണ്ണിമാഷ് എഴുതിയ കവിതകളുടെ അവതരണം

**വായ്ത്താരി**

താതിനം താതിനം താതിനം താതിനം

താതിനം താതിനം താതിനംതാ

വട്ടത്തിൽ ചവിട്ടുമ്പോൾ നീളത്തിലോടുന്ന

ചവിട്ടുവണ്ടി നല്ല സൈക്കിൾ വണ്ടി

**പ്രവർത്തനം**

കവിതാരചന (വ്യക്തിഗതം)

കുട്ടികൾ ഉണ്ടാക്കിയ കളിപ്പാട്ടങ്ങൾ, കൊണ്ടുവന്ന മറ്റു വസ്തുക്കൾ, കടങ്കഥയിലെ ഉത്തരങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ടീച്ചറുടെ അവതരണം കവിതയോടൊപ്പമുള്ള വായ്ത്താരികളും ശ്രദ്ധയിൽ കൊണ്ടുവരണം. ഇഷ്ടവസ്തുക്കൾ, വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് കവിതകൾ കുട്ടികൾ അവതരിപ്പിക്കുന്നു. മെച്ചപ്പെടുത്തുന്നു. ഉചിതമായ വായ്ത്താരികളുടെ താളത്തിൽ കവിതകൾ രചിക്കാമെന്ന ധാരണ കുട്ടികളിൽ ഉണ്ടാക്കണം. വായ്ത്താരികൾ കൂട്ടിച്ചേർത്തും കവിതകൾ അവതരിപ്പിക്കാം.

## കവിത പതിപ്പ്

കുട്ടികൾ രചിച്ച കവിതകൾ ചേർത്ത് കവിതപതിപ്പ് തയ്യാറാക്കുന്നു. സ്കൂൾതല ശില്പശാലയിൽ പ്രകാശനം നടത്തുന്നു.

പ്രവർത്തനം

## വർണ്ണക്കാഴ്ച

കടങ്കഥകൾ, പരിചയപ്പെട്ട കുഞ്ഞിക്കവിതകൾ എന്നിവയെ ആസ്പദമാക്കി കുട്ടികൾ ചിത്രരചന നടത്തുന്നു. (സ്വതന്ത്രരചന)

നേരത്തെ ഒരുക്കിയിട്ടുള്ള കടലാസ്, ക്രയോൺ എന്നിവ ഉപയോഗിക്കാം. കുട്ടികൾ വരച്ച ചിത്രങ്ങൾ കൂട്ടിച്ചേർത്ത് വർണ്ണപ്പതിപ്പ് ഉണ്ടാക്കുന്നു. പതിപ്പുകളുടെ പേര് കുട്ടികൾ നിർദ്ദേശിച്ചതായിരിക്കണം.

ഏലയ്യോ ഏലയ്യോ
ഏലേലയ്യോ ഏലയ്യോ
കടങ്കഥ ചൊല്ലി ഏലയ്യോ
പാട്ടുകൾ എഴുതി ഏലയ്യോ
ചിത്രം വരച്ചേ ഏലയ്യോ
ഏലയ്യോ ഏലയ്യോ
ഏലേലയ്യോ ഏലയ്യോ
നമ്മുടെ വണ്ടി ഏലയ്യോ

## കടങ്കഥ-പാട്ടുകൾ-ചിത്രവുമായ്

വരുന്നൊരുവണ്ടി ഏലയ്യോ
ഏലയ്യോ ഏലയ്യോ
ഏലേലയ്യോ ഏലയ്യോ

കുട്ടികൾ പാട്ടും പാടി ഒത്തുചേർന്ന് കളിവണ്ടിയുടെ ഭാഗമായി മൈതാനത്തേക്ക് ഓടിച്ചുകൊണ്ടുപോകുന്നു. ടീച്ചർ ഇതിൽ പങ്കാളിയാകണം.

(യഥാർത്ഥ വള്ളിയോ ചകിരിക്കയറോ ഉപയോഗിക്കാം)

## ക്ലാസ്സ്തല ശില്പശാല

**2,3,4 ക്ലാസ്സുകൾ**

നാടൻപാട്ട് – വായ്ത്താരികൾ പരിചയപ്പെടൽ

**പ്രവർത്തനം**

വായ്ത്താരി അവതരണം

താതിന്തിനം താതിനന്തിനം താതിനന്തിനം തന്തിത്താനോ

താതിനന്തിനം താതിനന്തിനം താതിനന്തിനം തന്തിത്താനോ

വായ്ത്താരി കുട്ടികളും അധ്യാപകരും ചേർന്ന് അവതരിപ്പിക്കുന്നു.

ഇത്തിരിപ്പാട്ടേ പഠിച്ചിട്ടുള്ളു

മുല്ലേടെ ഇലയിലും പൊതിഞ്ഞുപാട്ട്

ഇഞ്ചേടെനാരോണ്ട് കെട്ടിപ്പാട്ട്

ഉത്തരപ്പൊത്തിലും വച്ചുപാട്ട്

ചിങ്ങൻപഴം തന്നാൽ പാട്ടെടുക്കാം

ചിങ്ങൻപഴം തിന്നു പാട്ടെടുത്തു.

തെയ്താരം തെയ്താരം, തെയ്താരം താരോ

തെയ്താരം തെയ്താരം തെയ്താരം താരോ

കുട്ടികൾ ശേഖരിച്ച നാടൻപാട്ടുകളും വായ്ത്താരികളും ഗ്രൂപ്പുതലത്തിൽ അവതരിപ്പിക്കുന്നു.

നാടൻപാട്ടും വായ്ത്താരികളും ചേർന്ന പുസ്തകം തയ്യാറാക്കുന്നു.

**പ്രവർത്തനം**

താഴെ കൊടുത്തിരിക്കുന്ന ഭാഗം ചാർട്ട് പേപ്പറിൽ പ്രദർശിപ്പിക്കുക. ഇത് വായിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

ഒന്നോ രണ്ടോ കുട്ടികൾ ഈ ഭാഗം വായിച്ച് അവതരിപ്പിക്കുന്നു.

നീ വരേണ്ട ! മഴവരും കാറ്റ് വരും മുള്ളുണ്ട്, കല്ലുണ്ട്, തോടുണ്ട്, പാടമുണ്ട്. ഞൊണ്ടിയാട് അതൊന്നും കൂട്ടാക്കാതെ നിന്നു. മറ്റ് ആടുകളുടെ കൂടെ മേയണം. എന്നാൽ മറ്റ് ആടുകൾ വിലക്കി. ഇതൊരു കഥയുടെ ഭാഗമാണ്. (ടീച്ചർ ഇടപെട്ടുകൊണ്ട്) ഞൊണ്ടി ആടിനേകൂടി യാത്രയ്ക്ക് കൂട്ടാമായിരുന്നില്ലേ? കുട്ടികൾ വ്യക്തിഗതമായി അഭിപ്രായം രേഖപ്പെടുത്തട്ടെ ഞൊണ്ടി ആടിനെ യാത്രയ്ക്ക് കൂട്ടണമെന്ന പൊതുധാരണയിൽ ചർച്ച എത്തിക്കുന്നു.

(നരിമാനും ആടുമാനും എന്ന കഥയിലെ 46, 47 പേജ് )

കഥയിൽ എന്താണ് സംഭവിച്ചത്

ടീച്ചർ കഥ വായിച്ച് അവതരിപ്പിക്കുന്നു.

ഓഡിയോ തയ്യാറാക്കി ഉപയോഗിക്കുകയും ചെയ്യാം.

കേട്ടകഥയെ ആസ്പദമാക്കി കുട്ടികളുടെ ഭാഷണം. (വ്യക്തിഗതമായി സ്വതന്ത്രാഭി പ്രായം രേഖപ്പെടുത്തട്ടെ.)

**രചനയിലേയ്ക്ക്**

നമ്മുടെ ഇടയിൽ അവശത അനുഭവിക്കുന്ന നിരവധി ആളുകൾ ഉണ്ട്

പലരും വിവിധ തരത്തിലുള്ള കഷ്ടതകൾ അനുഭവിക്കുന്നു. എല്ലാ കഷ്ടതകളെയും അതിജീവിച്ച് വിജയം നേടിയവരുടെ ഒരു കഥയായാലോ

- കഥയെഴുത്ത്
- അവതരണം, ചർച്ച
- മെച്ചപ്പെടുത്തൽ
- പതിപ്പിലേയ്ക്ക്

കുട്ടികൾ തയ്യാറാക്കിയ കഥകൾ ഉപയോഗിച്ച് പതിപ്പ് തയ്യാറാക്കേണ്ടതാണ്. കുട്ടികൾ നിർദ്ദേശിച്ച പേരുകൾ കഥാപതിപ്പിന് നൽകണം

പതിപ്പ് മോടിപിടിപ്പിക്കണം.

കുട്ടികൾ അവർക്കിഷ്ടപ്പെട്ട വിഷയങ്ങളെ ആസ്പദമാക്കി കവിതകൾ രചിക്കുന്നു.

കവിത അവതരണം

ചർച്ച

മെച്ചപ്പെടുത്തൽ, പതിപ്പാക്കൽ

കവിതാപ്പതിപ്പ് ക്ലാസ്സ്തലത്തിൽ തയ്യാറാക്കുന്നു. പേര് കുട്ടികൾ തന്നെ നിർദ്ദേശിക്കുന്നു.

പ്രവർത്തനം

## ചിത്രരചന

ടീച്ചർ പറയുന്നത്

പ്രകൃതിയുമായി ബന്ധപ്പെട്ട് കഥയും കവിതയും നാടൻപാട്ടുകളും നമ്മൾ കേട്ടു. പ്രകൃതിയെ മനോഹരമാക്കുന്ന ധാരാളം കാഴ്ചകൾ നമുക്ക് ചുറ്റുമുണ്ട്. അത്തരത്തിൽ നിങ്ങളുടെ മനസ്സിൽ പതിഞ്ഞ കാഴ്ച ഒരു ചിത്രമാക്കിയാലോ.

ചിത്രരചനയിലേയ്ക്ക്

അവതരണം

മെച്ചപ്പെടുത്തൽ

പേരു കണ്ടെത്തൽ

പതിപ്പാക്കൽ

## സ്കൂൾതലം

ഏകദിന ശില്പശാല

പങ്കെടുക്കേണ്ടവർ – 2,3,4 ക്ലാസ്സുകളിൽ നിന്നും ക്ലാസ്സ്തല ശില്പശാലയിൽ മെച്ചപ്പെട്ട പ്രവർത്തനം നടത്തി തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾ (പരമാവധി 50 പേർ) മികച്ച സർഗാത്മക രചന നടത്തിയവർ, കുട്ടികളുടെ പരസ്പരവിലയിരുത്തലിലൂടെയും അധ്യാപകന്റെ വിലയിരുത്തലിലൂടെയും തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണം.)

### ഉദ്ഘാടനം

ക്ലാസ്സ്തല പതിപ്പുകളുടെ പ്രകാശനവും പ്രദർശനവും ഉദ്ഘാടനവേളയിൽ നടത്തേണ്ടതുണ്ട്.

ക്ലാസ്സ്തലത്തിൽ തയ്യാറാക്കിയ മികച്ച കഥ, കവിത എന്നിവയിലെ മികച്ചവ അവതരിപ്പിക്കണം. കഥയുടെയും കവിതയുടെയും ദൃശ്യാവിഷ്ക്കാരമാവാം. ഇത് മുൻകൂട്ടി തയ്യാറാക്കി വേണം അവതരിപ്പിക്കാൻ.

നാട്ടിലെ മുതിർന്ന ഒരാളുടെ സാന്നിധ്യം ഉണ്ടായിരിക്കണം. (കലാസാംസ്ക്കാരിക രംഗത്തുള്ളവർക്ക് മുൻഗണന. വിരമിച്ച അധ്യാപകരേയും ക്ഷണിക്കാവുന്നതാണ്) ക്ഷണിതാക്കൾക്ക് കത്ത് നൽകേണ്ടതുണ്ട്. ഇതിന്റെ മാതൃക അനുബന്ധത്തിൽ നൽകിയിട്ടുണ്ട് ഉചിതമായ മാറ്റത്തോടെ ഉപയോഗിക്കുക.

ഒന്നാംക്ലാസ്സിലെ കുട്ടികൾ അനുബന്ധം – 3 ലെ പാട്ട് പാടി അഭിനയിക്കുന്നു. ദൃശ്യാവിഷ്ക്കാരത്തിന് ഐ.സി.റ്റി. സാധ്യതകൾ പ്രയോജനപ്പെടുത്താവുന്നതാണ്.

## പ്രവർത്തനമേഖലകൾ

1. കഥ
2. കവിത
3. നാടൻപാട്ട് അവതരണം
4. ചിത്രരചന

നാടൻപാട്ട് പൊതുവേദിയിലാണ് അവതരിപ്പിക്കേണ്ടത്.

സാഹിത്യോത്സവത്തിൽ നിന്നും മികച്ച പ്രവർത്തനം കാഴ്ചവച്ച അഞ്ച് പേരെ വിലയിരുത്തലിലൂടെ തിരഞ്ഞെടുക്കണം. പരസ്പര വിലയിരുത്തലും അധ്യാപകരുടെ വിലയിരുത്തലും സ്വീകരിക്കേണ്ടതാണ്.

രചനയ്ക്കാവശ്യമായ വിഷയം പ്രത്യേകം പ്രത്യേകം നിർദ്ദേശിക്കുന്നതിനു പകരം സ്വതന്ത്രരചനയ്ക്കാവശ്യമായ അവസരം ഒരുക്കേണ്ടതാണ്. (ആശയങ്ങൾ, സാഹചര്യങ്ങൾ, സംഭവങ്ങൾ എന്നിവയാവാം തികച്ചും സ്വതന്ത്രരചനയാണ് നടക്കേണ്ടത്)

പ്രൈമറി ക്ലാസ്സിലെ കുട്ടികളുടെ പ്രായം പരിഗണിച്ചുകൊണ്ട് എസ്സ്.ആർ.ജി. യോഗത്തിൽ ഇതിനുവേണ്ട ചർച്ച നടത്തേണ്ടതുണ്ട്.

ചിത്രരചനയ്ക്ക് നമ്മുടെ വിദ്യാലയത്തിന് ചുറ്റുമുള്ള കാഴ്ചകൾ എന്ന ആശയത്തിലേയ്ക്ക് നയിക്കുന്ന പ്രവർത്തനം

### നാടൻപാട്ട്

കുട്ടികൾ ക്ലാസ്സ്തലത്തിൽ തയ്യാറാക്കിക്കൊണ്ടുവന്ന നാടൻപാട്ടുകളിൽനിന്നും ആലാപനത്തിന് അനുയോജ്യമായത് ഗ്രൂപ്പുതലത്തിൽ അവതരിപ്പിക്കുന്നു. ഇത് മൂല്യനിർണ്ണയത്തിനുള്ളതല്ല. ഇത് സമാപനസമ്മേളനത്തിൽ അവതരിപ്പിക്കണം.

ഉപജില്ലയിലേക്ക് ഓരോ വിഭാഗത്തിലും മികവ് പുലർത്തിയ ഓരോ കുട്ടിയെ കണ്ടെത്തണം.

കുട്ടികളുടെ പരസ്പരവിലയിരുത്തൽ, അധ്യാപകരുടെ വിലയിരുത്തൽ എന്നിവയിലൂടെയാണ് മികച്ച കുട്ടിയെ കണ്ടെത്തുന്നത്.

### സമാപനം

വൈകീട്ട് 3 മണിക്ക്

പ്രദേശത്ത സാഹിത്യകാരന്റെ / കലാകാരന്റെ സാന്നിദ്ധ്യം ഉറപ്പുവരുത്തണം.

**പ്രതിഭാവന്ദനം**

സ്കൂൾതലത്തിൽ മികവ് പുലർത്തിയ കുട്ടികളെ ആദരിക്കുന്നു.

സാഹിത്യകാരനെ/ കലാകാരനെ ആദരിക്കുന്നു.

പുസ്തകങ്ങൾ നൽകിയാണ് ആദരിക്കേണ്ടത്

കാര്യപരിപാടിയിൽ സ്വാഗതം പറയുന്നതും പ്രതിഭകളെ പരിചയപ്പെടുത്തുന്നതും കുട്ടികൾ തന്നെ ആയിരിക്കണം.

ഞാൻ വായിച്ച ഇഷ്ടപ്പെട്ട പുസ്തകത്തെക്കുറിച്ച് ഒരു കുട്ടിയുടെ അവതരണം (5 മിനിട്ട്) സമാപനസമ്മേളനത്തിൽ നടക്കേണ്ടതാണ്.

സ്കൂൾതലത്തിലുണ്ടായ മികച്ച ഒരു കഥയും ഒരു കവിതയും അവതരിപ്പിക്കണം.

ഉപജില്ലാതലത്തിലെ വിദ്യാരംഗം സാഹിത്യോത്സവത്തിൽ പങ്കെടുക്കേണ്ട കുട്ടികളുടെ പേര് ഈ യോഗത്തിൽ പ്രഖ്യാപിക്കേണ്ടതാണ്.

സാഹിത്യോത്സവത്തിൽ രൂപപ്പെട്ട പതിപ്പ് ഉപജില്ലാവിദ്യാരംഗം സാഹിത്യോത്സവത്തിൽ എത്തിക്കേണ്ടതാണ്.

(മികച്ച പതിപ്പിന് അംഗീകാരം ലഭിക്കുന്നതാണ്)

**അനുബന്ധം**

തെയ്തകം തെയ്തകം തെയ്തകം താരോ
തെയ്തകം തെയ്തകം തെയ്താരോ
തത്തിക്കളിക്കുന്ന തത്തമ്മപ്പെണ്ണേ
തൈത്തെങ്ങിൻ കൊമ്പത്തിരിക്കുന്ന പെണ്ണേ
(തെയ്തകം )
പച്ചനിറമുള്ള തത്തമ്മപ്പെണ്ണേ
തത്തിക്കളിക്കുന്ന തത്തമ്മപ്പെണ്ണേ
(തെയ്തകം )
പുഞ്ചിറകുള്ളൊരു തത്തമ്മപ്പെണ്ണേ
ചെഞ്ചോരച്ചുണ്ടുള്ള തത്തമ്മപ്പെണ്ണേ
(തെയ്തകം )
വണ്ടി നല്ലൊരു വണ്ടി
വള്ളികൊണ്ടൊരുവണ്ടി
ചന്തമുള്ളൊരു വണ്ടി
വള്ളികൊണ്ടൊരു വണ്ടി
കളിവണ്ടി കളിവണ്ടി
എന്നുടെ വണ്ടി കളിവണ്ടി
നിന്നുടെ വണ്ടി കളിവണ്ടി
നമ്മളൊരുക്കിയ കളിവണ്ടി

# അനുബന്ധം

വിദ്യാരംഗം, സ്കൂൾതല ശില്പശാലയിൽ പങ്കെടുക്കുന്ന മുതിർന്നയാളിനുള്ള കത്ത്

സർ, മിത്രം

സ്കൂൾതലത്തിൽ പഠിക്കുന്ന കുട്ടികളുടെ കലാ–സാഹിത്യരംഗത്തെ മികവിന് വേണ്ടി പ്രവർത്തികുന്ന സംഘടനയാണ് വിദ്യാരംഗം കലാസാഹിത്യവേദി. കുട്ടികളുടെ രചനാശില്പശാലകൾ വിദ്യാരംഗത്തിന്റെ പ്രധാന പ്രവർത്തനമേഖലയാണ്. ക്ലാസ്സ്തലത്തിൽ ശില്പശാലകൾ നടന്നുകഴിഞ്ഞു. അടുത്ത ഘട്ടം സ്കൂൾതല ശില്പശാലയാണ്. ഈ ശില്പശാലയിൽ താങ്കൾ കുട്ടികളോടൊപ്പം 30–40 മിനിട്ട് ചെലവഴിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. കുട്ടികളുമായി താഴെ പറയുന്ന കാര്യങ്ങൾ സംസാരിക്കുന്നതാണ്. ശില്പശാലയ്ക്ക് പ്രയോജനകരമാവുന്നത്.

കുട്ടിക്കാലത്തെ കലാ സാഹിത്യ അനുഭവങ്ങൾ

പഴയകാലത്ത് പാടിക്കളിച്ച പാട്ടുകൾ

നാടൻപാട്ടുകൾ വായ്ത്താരികൾ

പഴയ കുട്ടിക്കഥകൾ

**വായനാനുഭവങ്ങൾ**

നിശ്ചിത സമയത്തിനുള്ളിൽ ഈ വിഷയങ്ങളിൽ പരിമിതപ്പെടുത്തി സംസാരിക്കുന്നത് ശില്പശാലാ വിജയത്തിന് അനിവാര്യമാണ്. ആത്മാർത്ഥമായ സഹായം പ്രതീക്ഷിച്ചുകൊണ്ട് സ്നേഹപൂർവ്വം

പ്രഥമാധ്യാപകൻ

**അനുബന്ധം – 3**

കടകടകടകട കാളവണ്ടി

കിണി കിണി കിണി കിണി സൈക്കിൾവണ്ടി

പൊപ്പോ പൊപ്പോ മോട്ടോർവണ്ടി

ത്ധുക് ത്ധുക് ത്ധുക് ത്ധുക് തീവണ്ടി

ഓടും വണ്ടി ഒഴുകും വണ്ടി

പായും വണ്ടി പറക്കും വണ്ടി

കൂവും വണ്ടി, കുഴലുള്ള വണ്ടി

ചീറും വണ്ടി ചിറകുള്ള വണ്ടി

**അനുബന്ധം 4**

പുസ്തകക്കാഴ്ചയിൽ ഉൾപ്പെടുത്താവുന്ന പുസ്തകങ്ങൾ

**കഥാവിഭാഗം**

1. നാടോടി ചൊൽക്കഥകൾ

സുമംഗല (ഡി.സി. ബുക്സ്)

2. പഞ്ചതന്ത്രം

റ്റി.എസ്. പൊന്നമ്മ (സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്)

3. ഈസോപ്പുകഥകൾ

പ്രൊഫ. എസ്. ശിവദാസ് (മാതൃഭൂമി ബുക്സ്)

**അനുബന്ധം**

**കവിതാ വിഭാഗം**

1. വളപ്പൊട്ടുകൾ–ഒ.എൻ.വി. (ഡി.സി. ബുക്സ്)

2. ഓണപ്പാട്ടുകൾ – മലയത്ത് അപ്പുണ്ണി

(പൂർണ്ണാ പബ്ലിക്കേഷൻസ്)

3. കിങ്ങിണിക്കവിതകൾ – കുഞ്ഞുണ്ണി (എൻ.ബി.എസ്.)

4. നൂറ് നേഴ്സറിപ്പാട്ടുകൾ – സിപ്പി പള്ളിപ്പുറം (ഡി.സി. ബുക്സ്)

5. കണിശം മുത്തശ്ശി – മണമ്പൂർ രാജൻബാബു (ഡി.സി.ബുക്സ്)

സ്ക്കൂൾ സാഹിത്യോത്സവത്തിന്റെ ഭാഗമായി
വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന
സാഹിത്യശില്പശാലകൾക്കുവേണ്ടി
വിദ്യാരംഗം കലാസാഹിത്യവേദി
സീമാറ്റ് കേരളയുടെ സഹകരണത്തോടെ
തയ്യാറാക്കിയ

**മൊഡ്യൂൾ നിർദ്ദേശങ്ങൾ**

(2015 – 16)

എൽ.പി. വിഭാഗം

# സാഹിത്യശില്പശാലകൾ

ക്ലാസ്തലം – സ്കൂൾതലം

# വിദ്യാരംഗം സാഹിത്യോത്സവം '15

## എൽ.പി. വിഭാഗം

## ഉപജില്ലാതല മൊഡ്യൂൾ

# ഉപജില്ലാതല ശില്പശാല

(ഏകദിനം)

- പങ്കെടുക്കേണ്ടവർ : ഉപജില്ലയിലെ വിദ്യാലയങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾ. (സ്കൂൾതല ശില്പശാലയിലെ മികവിനെ അടിസ്ഥാനമാക്കി എത്തിച്ചേരേണ്ട കുട്ടികളുടെ എണ്ണം നിശ്ചയിക്കേണ്ടത് ഉപജില്ലാതല സമിതിയാണ്.) കഥ, കവിത, ചിത്രരചന മേഖലകളിലായി 30–40 കുട്ടികൾ ഒരു വിഭാഗത്തിൽ എത്തിച്ചേരത്തക്ക വിധം ക്രമീകരണം ഉണ്ടാവണം
- ശില്പശാലകളിൽ കുട്ടികളോട് സംവദിക്കുവാൻ കഴിയുന്ന കഥ, കവിത, ചിത്രരചന എന്നീ മേഖലകളിലെ വിദഗ്ധരുടെ സാന്നിധ്യം ഉണ്ടാവണം.
- ഉദ്ഘാടനസമ്മേളനം, സമാപനസമ്മേളനം എന്നിവ പൊതുസെഷനുകളായി നടത്തണം. മൂന്ന് മേഖലകളുടെ സെഷനുകൾ സമാന്തരമായി നടത്തുന്നതിനുള്ള സൗകര്യം ശില്പശാലയൊരുക്കിയ വിദ്യാലയത്തിൽ ഉണ്ടാവണം. കംപ്യൂട്ടർ / ലാപ്ടോപ്പ്, എൽ.സി.ഡി പ്രൊജക്ടർ, സൗണ്ട് സിസ്റ്റം എന്നിവ സമാന്തരമായി ഒരുക്കുന്ന ഹാളുകളിലും ക്രമീകരിക്കണം.
- ഉപജില്ലാതലത്തിൽ സ്കൂൾതല പതിപ്പുകളുടെ പ്രദർശനം ഉണ്ടാവണം. മികച്ച സ്കൂൾ പതിപ്പിനെ തിരഞ്ഞെടുത്ത് സമ്മാനം സമാപന സെഷനിൽ വിതരണം ചെയ്യണം.
- കുട്ടികളുടെ രചനകൾ ഉപജില്ലാതലത്തിൽ വ്യത്യസ്തമായ രീതിയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള (ബ്ലോഗ്, അച്ചടിച്ച മാസിക, ഓഡിയോ മാഗസിൻ) ഉപജില്ലാതല എഡിറ്റോറിയൽ ബോർഡിന് (കുട്ടികൾ + അധ്യാപകർ) ശില്പശാലാദിവസം രൂപം നൽകണം.
- ഉപജില്ലാതല ശില്പശാലയിൽ പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സമ്മാനം (പുസ്തകമായാൽ ഉചിതം) നൽകണം
- സ്വന്തം രചനകൾ ശില്പശാലയിൽ കൊണ്ടുവരുന്നതിനും അവതരിപ്പിക്കുന്നതിനും കുട്ടികൾക്ക് മുൻകൂട്ടി നിർദ്ദേശം നൽകണം.

- **മുൻകൂട്ടി കരുതേണ്ടവ**

A. പുസ്തകങ്ങൾ

1. ബൗ–ബൗ കഥകൾ – എസ്. ശിവദാസ്
2. നെയ്പായസം – സുമംഗല
3. യുറീക്കാ കഥകൾ – KSSP
4. അപ്പൂപ്പൻതാടിയുടെ സ്വർഗയാത്ര – സിപ്പി പള്ളിപ്പുറം
5. മഞ്ഞപ്പാവാട – ഡോ. കെ. ശ്രീകുമാർ

B. ചാർട്ട് പേപ്പറിൽ വരച്ച ആൺകുട്ടി / പെൺകുട്ടി ചിത്രം

C. ചിത്രം വരയ്ക്കുന്നതിനാവശ്യമായ ചാർട്ടുകൾ ക്രയോൺസ്, കളർ പേനകൾ, പോസ്റ്റർ കളറുകൾ

D. ചിത്രരചനാമത്സര വിജയികളായി വരുന്നവർ കളറുകൾ കരുതണമെന്ന നിർദ്ദേശം നൽകണം.

എൽ.പി. വിഭാഗത്തിനനുയോജ്യമായ കളർ പെൻസിൽ, ക്രയോൺസ്, സ്കെച്ച് പെൻ എന്നിവ ഉപയോഗിക്കാവുന്നതാണ്.

- **പുസ്തകക്കാഴ്ച**

ഉപജില്ലാതലത്തിൽ പ്രൈമറി കുട്ടികളുടെ വായനയ്ക്ക് ആവശ്യമായ പുസ്തകങ്ങളുടെ പ്രദർശനം ഒരുക്കേണ്ടതാണ്. ശേഖരണങ്ങളെ കുട്ടികൾക്ക് പ്രയോജനകരവും രസകരവുമായ പുസ്തകങ്ങളുടെ പ്രദർശനം എന്ന നിലയിൽ കണ്ടാൽ മതി.

മൊഡ്യൂൾ

രജിസ്ട്രേഷൻ – 9.00 – 9.30

ഉദ്ഘാടന സെഷൻ – 9.30 – 10.30

(യോഗത്തിൽ പങ്കെടുക്കുന്ന ഓരോ ആൾക്കും സമയം മുൻകൂട്ടി നിശ്ചയിച്ച് നൽകണം. മുഖ്യാതിഥിയായി എത്തുന്ന എഴുത്തുകാരന് 30–35 മിനിട്ട് കുട്ടികളോട് സംസാരിക്കുവാൻ അവസരം നൽകണം.)

11 മണി – സമാന്തര സെഷനുകൾ

**സെഷൻ 1**

**കഥക്കൂട്ടം**

കുട്ടികളുടെ രചനകളെ പരിശോധിക്കുന്നതിനും ഗുണാത്മകമായി വിലയിരുത്തുന്നതിനും കഴിയുന്ന ഒരു സാഹിത്യകാരൻ / അധ്യാപകന്റെ നേതൃത്വത്തിലാവണം “കഥക്കൂട്ടം” നടക്കേണ്ടത്. സ്വന്തം വായനാനുഭവങ്ങളെ കുട്ടികളുടെ എഴുത്തിന് അനുബന്ധമായി ഉപയോഗപ്പെടുത്തുവാൻ റിസോഴ്സ് പേഴ്സണിന് കഴിയണം

- പരിചയപ്പെടൽ (15 മിനിട്ട്)

  സ്വന്തം പേര് പറഞ്ഞ്, വായിച്ച കഥയിലെ രസകരമായ സന്ദർഭം / കഥാപാത്രത്തെ അവതരിപ്പിച്ച് പരിചയപ്പെടൽ. ഒന്ന് രണ്ട് വരികളിൽ

- എന്റെ കഥ വായന

  6–7 പേർ വീതമുള്ള ഗ്രൂപ്പുകൾ. (ഗ്രൂപ്പുകൾക്ക് കഥ, നോവൽ, ബാലസാഹിത്യ എഴുത്തുകാരുടെ പേര്) രൂപീകരിക്കൽ.

ഓരോ ഗ്രൂപ്പ് അംഗത്തിനും സ്വന്തം കഥ ഗ്രൂപ്പിൽ അവതരിപ്പിക്കുന്നതിന് അവസരം. ഗ്രൂപ്പിൽ നിന്ന് പൊതു അവതരണത്തിന് ഒരു കഥ നിശ്ചയിക്കൽ. ആ കഥ പൊതുവായി അവതരിപ്പിക്കൽ.

എല്ലാ ഗ്രൂപ്പുകളുടെയും അവതരണം.

RP യുടെ ശ്രദ്ധയ്ക്ക്

| |
|---|
| മികച്ച കഥാസന്ദർഭങ്ങൾ, കഥാപാത്രങ്ങളുടെ രൂപീകരണം, മികച്ച തുടക്കം, അവസാനം.... എന്നിങ്ങനെ രചനാപരമായ സവിശേഷതകൾ ഉള്ളവ നോട്ട് ചെയ്ത് കഥാ അവതരണത്തിനുശേഷമുള്ള ചർച്ചയിൽ അവതരിപ്പിക്കണം. |

- കേട്ട കഥകളെക്കുറിച്ച് സ്വതന്ത്രമായ പ്രതികരണത്തിന് മൂന്നോ നാലോ കുട്ടികൾക്ക് അവസരം
  - ഇഷ്ടപ്പെട്ട കഥ ഏത്?
  - എന്തുകൊണ്ട് ? സവിശേഷതകൾ ?
  - മാറ്റം വല്ലതും നിർദ്ദേശിക്കാനുണ്ടോ?
  - ഗുണങ്ങൾ ?
- കുട്ടികളുടെ അവതരണവേളയിൽ ഓരോ കഥയുടേയും ഗുണങ്ങൾ / മേന്മകൾ/ സവിശേഷതകൾ ചാർട്ടിൽ ക്രോഡീകരിച്ച് എഴുതണം.
- RP യുടെ പൊതു ക്രോഡീകരണം മുൻപ് രേഖപ്പെടുത്തിയ കുറിപ്പ് ഉപയോഗപ്പെടുത്തി ഗുണാത്മകമായ വിലയിരുത്തൽ.

♦ എന്റെ കഥ, മാറ്റിയെഴുതുമ്പോൾ

- ചർച്ചകൾക്ക് ശേഷം സ്വന്തം കഥയിൽ മാറ്റം വരുത്തുവാൻ ഓരോരുത്തർക്കും അവസരം
- ഈ കഥകൾ ശേഖരിച്ച് പതിപ്പാക്കണം


(RP -കുട്ടികൾ കഥയിൽ ആവശ്യമായ മാറ്റം വരുത്തുവാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ അധ്യാപകൻ, ഓരോ കഥയിലൂടെയും കടന്നുപോകാൻ ശ്രദ്ധിക്കണം. മികച്ചതെന്ന് തോന്നുന്ന (മുൻപ് ശ്രദ്ധയിൽപ്പെടാത്ത) കഥകൾ പൊതുവായി വായിച്ച് അവതരിപ്പിക്കണം.

♦ കഥകൾ വായിക്കാം.

ബൗ–ബൗ–കഥകൾ, അപ്പൂപ്പൻതാടിയുടെ സ്വർഗയാത്ര, നെയ്പായസം, മഞ്ഞപ്പാവാട– കുട്ടികൾ എഴുതിയ മികച്ച കഥകൾ ഓരോ ഗ്രൂപ്പിനും ഒന്നോ രണ്ടോ കഥകൾ വായിക്കുന്നതിന് അവസരം. കഥ നിശ്ചയിച്ച് നല്കണം. വായിച്ച കഥയെ പരിചയപ്പെടുത്തി സംസാരിക്കുന്നതിന് അവസരം. (കഥ കേൾക്കുന്നതിന് ഓഡിയോ, വീഡിയോ സൗകര്യവും ഉപയോഗപ്പെടുത്താം.)

♦ ഒരു കഥ കൂടി

മുൻകൂട്ടി തയ്യാറാക്കിയ ചാർട്ടിൽ വരച്ച ചിത്രം പ്രദർശിപ്പിക്കുന്നു.




ഈ ചിത്രത്തിൽ എന്തെല്ലാം വാക്കുകൾ കൂടി കൂട്ടിച്ചേർക്കാം. പൊതുവായി പറയുന്നതിന് അവസരം. മനുഷ്യനന്മയുമായി ബന്ധപ്പെട്ട വാക്കുകൾ ചാർട്ടിൽ എഴുതി ചേർക്കൽ

RP - ക്രോഡീകരണം

നല്ല മനുഷ്യരാവാൻ എല്ലാവർക്കും കഴിയണം – നല്ല മനുഷ്യരുടെ ഗുണങ്ങൾ, സവിശേഷതകൾ എന്തെല്ലാമാണെന്നാണ് നാം ഈ ചിത്രത്തിന് ചുറ്റും എഴുതിച്ചേർത്തത് – വാക്കുകൾക്ക് സന്ദർഭങ്ങൾ നൽകി RP വിശദീകരിക്കണം.

കഥ വായിക്കുന്ന ഒരാൾക്ക് മനസ്സിൽ ഒരു മാറ്റം സൃഷ്ടിക്കാൻ കഴിയുന്ന / അവരെ ചിന്തിപ്പിക്കുന്ന / നല്ല പ്രവൃത്തി ചെയ്യാൻ തോന്നിപ്പിക്കുന്ന ഒരു കഥ എഴുതിയാലോ?

- സ്വതന്ത്രരചനയ്ക്ക് അവസരം
- നിശ്ചിത സമയത്തിനുശേഷം രണ്ട് പേരുടെ ഗ്രൂപ്പിൽ കഥ പരസ്പരം കൈമാറി വായിക്കുന്നതിന് അവസരം
- മികച്ച പരമാവധി കഥകളുടെ അവതരണം
- ശേഖരിച്ച് പതിപ്പാക്കൽ
- വിലയിരുത്തൽ

♦ **വരികൾ കൂട്ടിച്ചേർക്കൽ**

RP അവതരിപ്പിക്കുന്ന വായ്ത്താരിക്ക് അനുബന്ധമായി വരികൾ കൂട്ടി ചേർക്കുന്നതിന് അവസരം

താ തക്കിട തന്നാരോ

തക തക്കിട തക്കിട തന്നാരോ

.................................


.................................

കുട്ടികൾ കൂട്ടിച്ചേർക്കുന്ന താളനിബന്ധമായ വരികൾ തൽസമയം ചാർട്ടിൽ രേഖപ്പെടുത്തുന്നു.

കൂട്ടമായി രേഖപ്പെടുത്തിയ 10–12 വരികൾ വായ്ത്താരിയും ഉൾപ്പെടുത്തി കൂട്ടമായി ചൊല്ലൽ.

♦ **ഭൂമിയുടെ അവകാശികൾ**

ചാർട്ടിൽ ഒരു വലിയ വൃത്തം – 'ഭൂമിയുടെ അവകാശികൾ' ആരെല്ലാം. ചർച്ച




എഴുതിയും
വരച്ചും
അവകാശികളെ
അറിയാൻ

പരമാവധി ജീവജാലങ്ങളെ എഴുതിയും വരച്ചും ചാർട്ട് നിറക്കട്ടെ.

- പരസ്പരം ബന്ധമുള്ളതിനെ മറ്റൊരു കളർ ഉപയോഗിച്ച് ബന്ധിപ്പിക്കുവാനവസരം.
- ഭൂമിയിലെ എല്ലാവർക്കും ഉള്ളതാണ് ഭൂമി. അതിലെ ഓരോന്നിനും അതിന്റേതായ പ്രത്യേകത ഉണ്ട്. ഈ പ്രത്യേകതകൾ, ഇവ തമ്മിലുള്ള ബന്ധം– ലഘുചർച്ച.
- ഈ ചർച്ചകളെ അടിസ്ഥാനമാക്കി സ്വതന്ത്രമായ കവിത എഴുതുവാൻ നിശ്ചിത സമയം നൽകൽ.

**കവിതക്കൂട്ട്**

- കുട്ടികളുടെ കവിതകൾ വിലയിരുത്തുന്നതിനും കൂട്ടപ്പാട്ടുകൾക്ക് നേതൃത്വം നൽകുന്നതിന് കഴിയുന്ന അധ്യാപകരുടെ / സാഹിത്യകാരന്റെ നേതൃത്വത്തിലാവണം 'കവിതക്കൂട്ട്' നടക്കേണ്ടത്. സ്വന്തം കവിതാനുഭവങ്ങളും കുട്ടികളുടെ എഴുത്തിന് അനുബന്ധമായി ഉപയോഗപ്പെടുത്തുവാൻ RP ശ്രദ്ധിക്കണം. ആവശ്യമായ നാടൻപാട്ടുകളും വായ്ത്താരികളും ഉപയോഗപ്പെടുത്തണം.
- പരിചയപ്പെടൽ
- സ്വന്തമായി എഴുതിയ രണ്ട് / നാല് വരികൾ ചൊല്ലി പേര് പറഞ്ഞ് പരിചയപ്പെടൽ. വായ്ത്താരികൾ ചൊല്ലിയാലും മതിയാവും.
- എന്റെ കവിത

6–7 പേർ വീതമുള്ള ഗ്രൂപ്പുകൾ (ഗ്രൂപ്പുകൾക്ക് കവികളുടെ പേര് നൽകണം)

ഗ്രൂപ്പിലെ എല്ലാവരും ഗ്രൂപ്പിൽ കവിത അവതരിപ്പിക്കുന്നു. (വായിച്ചോ, ചൊല്ലിയോ) ഗ്രൂപ്പിൽ നിന്ന് പൊതു അവതരണത്തിൽ കവിത നിശ്ചയിക്കൽ. എല്ലാ ഗ്രൂപ്പുകളും കവിത പൊതുവായി അവതരിപ്പിക്കൽ.

(മികച്ച വരികൾ, വാങ്മയ ചിത്രങ്ങൾ, വർണനകൾ...................അവതരണവേളയിൽ RP നോട്ട് ചെയ്ത് വയ്ക്കണെ.)

കേട്ട കവിതകളെക്കുറിച്ച് സ്വതന്ത്രമായ പ്രതികരണത്തിന് കുട്ടികൾക്ക് അവസരം. മികച്ചതെന്ന് ചൂണ്ടിക്കാട്ടിയ രചനകളുടെ പ്രത്യേകതകൾ കുട്ടികളുമായുള്ള ചർച്ചയിലൂടെ രൂപപ്പെടുത്തുന്നു.

ഇതേ സന്ദർഭത്തിൽ മുൻകൂട്ടി നിശ്ചയിച്ച ചുവടെ നിശ്ചയിച്ച പുസ്തകങ്ങളിലെ കവിതകൾ ICT സാധ്യതകൾ ഉപയോഗപ്പെടുത്തി അവതരണം.

പപ്പടം–പഴം – പായസം– സിപ്പി പള്ളിപ്പുറം

അതിന്നുമപ്പുറം എന്താണ് – പി. മധുസൂദൻ

കിലുകിലുക്കാംപെട്ടി – കുഞ്ഞുണ്ണിമാഷ്

- രണ്ടുപേർ വീതമുള്ള ഗ്രൂപ്പിൽ കവിത വായിക്കൽ
- പൊതുവായ ചില അവതരണങ്ങൾ
- പതിപ്പ് രൂപപ്പെടുത്തൽ

സെഷൻ 3

## ചിത്രക്കൂട്ട്

കുട്ടികളുടെ തനതായ രചനകൾക്കൊപ്പം നിൽക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ഒരു ചിത്രകാരൻ / ചിത്രകലാ അധ്യാപകൻ ഈ സെഷന് നേതൃത്വം നല്കണം.

### ♦ വരമേളം

ഈ സെഷൻ നടക്കുന്ന ഹാളിനു ചുറ്റും ചാർട്ടുപേപ്പറുകൾ ചുറ്റും ക്രമീകരിച്ചിരിക്കണം. ആവശ്യമായ രചനാ സാമഗ്രികൾ കരുതണം (ക്രയോൺസ്, കളർ പെൻസിൽ, പോസ്റ്റർ കളർ, ബ്രഷ് എന്നിങ്ങനെ) ചിത്രകാരൻമാരുടെ പേരുകൾ നൽകി കുട്ടികളെ ഗ്രൂപ്പാക്കുന്നു. ഓരോ ഗ്രൂപ്പിനും നിശ്ചിതസ്ഥലം ചാർട്ടുകൾ പതിച്ചത് നൽകുന്നു. ഇഷ്ടമുള്ള ചിത്രങ്ങൾ വരച്ച് നിറക്കണം. വരയ്ക്കുന്നതിനു മുൻപേ ഗ്രൂപ്പിൽ ആലോചന നടക്കണം. പൊതുവായ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വരയ്ക്കുവാൻ ആസൂത്രണം നടത്താൻ കുട്ടികൾക്ക് RP നിർദ്ദേശം നൽകണം.

- നിശ്ചിതസമയം നൽകി വരമേളം പൂർത്തിയാക്കൽ
- ഗ്രൂപ്പംഗങ്ങൾക്ക് മറ്റു ഗ്രൂപ്പുകാർ വരച്ചതുനോക്കി കാണുന്നതിന് സമയം നൽകൽ
- വരച്ച ചിത്രങ്ങൾ സംബന്ധിച്ച് പൊതുവായ ചർച്ച
- മികച്ച ചിത്രങ്ങൾ, പ്രത്യേകതകൾ എന്നിവ RP പൊതുവായി അവതരിപ്പിക്കണം

### ♦ കഥ വായിക്കാം, കവിത ചൊല്ലാം

സമാന്തര സെഷനുകളിൽ കുട്ടികൾ കൊണ്ടുവന്ന കഥകൾ, കവിതകൾ എന്നിവ ഈ സെഷനിൽ ഉപയോഗപ്പെടുത്തണം.

കുട്ടികൾക്ക് കഥകളും കവിതകളും ഓരോന്നു വീതം വായിക്കുന്നതിന് അവസരം

വായിച്ച കഥയിലെ കവിതയിലെ ആശയത്തെ ചിത്രീകരിക്കുവാൻ കഴിയുമോ?

അവസരം നൽകൽ – ചിത്രരചന സാധ്യതകൾ

ഇല്ലാത്ത ചിത്രം മാറി ഉപയോഗിക്കുന്നതിന് അവസരം

നിശ്ചിതസമയത്തിനു ശേഷം വരച്ച ചിത്രം, കവിതകൾ ചാർട്ടുപേപ്പറിൽ പിൻ ചെയ്ത് പ്രദർശിപ്പിക്കുവാൻ ഗ്രൂപ്പുകൾക്ക് അവസരം.

– പ്രദർശനം

– കാണുന്നതിന് അവസരം

– രചനയുമായി ഏറെ പൊരുത്തപ്പെട്ട ചിത്രങ്ങൾ ഏത്? ചർച്ച

ഒരു രചനയ്ക്ക് അനുബന്ധമായി ഉണ്ടായിരിക്കേണ്ട ചിത്രത്തിന്റെ സവിശേഷതകൾ എന്ത്?

(RP ക്രോഡീകരണം)

- ഉള്ളടക്കത്തെ സൂചിപ്പിക്കുന്നതാകാം
- രചന വായിക്കാൻ പ്രേരിപ്പിക്കുന്നതാകണം
- ഉള്ളടക്കത്തിന് അപ്പുറമോ ഇപ്പുറമോ നടക്കുന്ന ദൃശ്യമാവാം
-
-

## ♦ വരക്കൂട്ടം

– സ്വതന്ത്രമായി രചന നടത്തുവാൻ കുട്ടികൾക്ക് അവസരം

– ഒറ്റപ്പെട്ട ചിത്രങ്ങൾക്കു പകരം ഒരാശയത്തെ ചിത്രീകരിക്കുവാൻ കുട്ടികളെ പ്രേരിപ്പിക്കണം.

1. നിങ്ങൾക്ക് സന്തോഷം തോന്നിയ യാത്രകൾ / അനുഭവങ്ങൾ
2. വിഷമം തോന്നിയ സംഭവങ്ങൾ
3. ............................

സ്വതന്ത്രമായ രചന, പൊതുവായ മീഡിയം ഉപയോഗിച്ച് നടത്തുന്നതാണ് ഉചിതം. (ക്രയോൺസ്)

– നിശ്ചിതസമയത്തിനുശേഷം ചിത്രങ്ങളുടെ പ്രദർശനം

– ചിത്രങ്ങളെ ശേഖരിച്ച് പതിപ്പിക്കൽ

– വിലയിരുത്തൽ

## സമാപനസെഷൻ

പൊതുസെഷൻ 3.30 – 4.15

കവി / ചിത്രകാരൻ / കഥാകാരൻ

## മാമനുമൊത്ത്

പ്രാദേശിക സാഹിത്യകാരൻ / ചിത്രകാരനുമായി കുട്ടികളുടെ മുഖാമുഖം മികച്ച രചനകൾ ഈ വേളയിൽ അവതരിപ്പിക്കുന്നതിന് അവസരം ഉണ്ടാകണം.

## സമാപന സെഷൻ

4.15 – 4.30

സമ്മാനദാനം – പ്രാദേശിക ജനപ്രതിനിധിയുടെ സാന്നിധ്യത്തിൽ ലളിതമായി നടത്തണം.